**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 470** | **16-03-2023 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എല്ലാ രണ്ടാം വർഷ പി.ജി. ഡോക്ടർമാരെയും ജില്ലാ ജനറൽ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും പഠന സേവനത്തിന്റെ ഭാഗമായി നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നാഷണൽ മെഡിക്കൽ കമ്മീഷന്റെ 16.09.2020 ലെ MCI-18(1)2020/എംഇഡി/121415 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിൽ ജില്ലാ റസിഡൻസി പ്രോഗ്രാം നടപ്പിലാക്കുന്നതിനായി സർക്കാർ/സ്വകാര്യ മേഖലയിലുള്ള മെഡിക്കൽ കോളേജുകളിലെ രണ്ടാം വർഷ പി.ജി. ഡോക്ടർമാരെ താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളിലേക്ക് 2023 മാർച്ച് 1 മുതൽ നിയമിച്ചിട്ടുണ്ട്. പി.ജി. ഡോക്ടർമാരെ 3 മാസം വീതമുള്ള 4 ഗ്രൂപ്പുകളായിട്ടാണ് വിവിധ ആശുപത്രികളിലേക്ക് നിയമിക്കുന്നത്.<br><br>പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാനതല നോഡൽ ഓഫീസർ, പ്രോഗ്രാം കോ - ഓർഡിനേറ്റർ, ഡി.എം.ഇ - കോ ഓർഡിനേറ്റർ എന്നിവരെ നിയമിക്കുകയും പദ്ധതിയുടെ ഏകോപനത്തിനായി സ്റ്റിയറിംഗ്, ജില്ലാതല കമ്മിറ്റികളും സ.ഉ.(സാധാ)നം.369/2023/H&FWD തീയതി 16-02-2023 ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ.ഉ.(സാധാ)നം.432/2023/H&FWD തീയതി 24-02-2023 പ്രകാരം, ജില്ലാ റസിഡൻസി പ്രോഗ്രാം നടപ്പിലാക്കുന്നതിനായുള്ള മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പി.ജി. വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നേടുന്നതിനും, ജില്ലാതല ആരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിനുമുള്ള അവസരം ഇതിലൂടെ സാധ്യമാകുന്നു. |
| (ബി) | ദ്വിതീയ തലത്തിലുള്ള ആരോഗ്യ സംവിധാനം ശാക്തീകരിച്ച് മെഡിക്കൽ കോളേജുകളെ റെഫറൽ ആശുപത്രികളാക്കി സെന്റർ ഓഫ് എക്സലൻസ് | (ബി) | ദ്വിതീയ തലത്തിലുള്ള ആശുപത്രികളുടെ ശാക്തീകരണം പ്രാവർത്തികമാകുന്നതോടുകൂടി മെഡിക്കൽ കോളേജുകൾക്ക് പൂർണ്ണമായും റഫറൽ ആശുപത്രികളായി പ്രവർത്തിക്കാൻ കഴിയും. |

| | | | |
|---|---|---|---|
| | ആയി ഉയർത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | | അതിലൂടെ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ആവശ്യമായി വരുന്ന രോഗികൾക്ക് ഗുണനിലവാരമുള്ള മികച്ച ചികിത്സ ഒരുക്കാൻ സാധിക്കും.<br><br>കേരളത്തിലെ മെഡിക്കൽ കോളേജുകൾ എല്ലാം തന്നെ നിലവിൽ റഫറൽ ആശുപത്രികളായാണ് പ്രവർത്തിക്കുന്നത്. ഇതിനോടനുബന്ധിച്ച് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകളും പ്രവർത്തിക്കുന്നു. എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളും ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. റഫറൽ പ്രോട്ടോകോൾ - 'ത്രിതല റഫറൽ' പൂർണ്ണമായി നടപ്പാക്കുന്നതിലെ അപാകതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ട്.<br><br>മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളെ ശക്തിപ്പെടുത്തുവാനും സൗകര്യങ്ങൾ ഒരുക്കുവാനും രോഗീസൗഹൃദമാക്കാനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. മെഡിക്കൽ കോളേജുകളിൽ പുതിയ വിഭാഗങ്ങൾ തുടങ്ങാനും, അതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനും നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ മെഡിക്കൽ കോളേജിലെ പല വിഭാഗങ്ങളും മികവിന്റെ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുണ്ട്.<br><br>മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിന്റെ ഭാഗമായി ക്വാളിറ്റി ഇപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് പ്രോഗ്രാം നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി ഒരു പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ച് വിജയകരമായി നടപ്പിലാക്കി വരുന്നു. തുടർന്ന് കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, എറണാകുളം മെഡിക്കൽ കോളേജുകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കാൻ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി പ്രസ്തുത ആശുപത്രികൾ സന്ദർശിച്ച് അവിടത്തെ സൗകര്യങ്ങൾ വിലയിരുത്തുകയും കുറവുകൾ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങളും നൽകി വരുന്നു.<br><br>സർക്കാർ മെഡിക്കൽ കോളേജുകളിലെ ചികിത്സ ഗുണ നിലവാരം ഉയർത്തുന്നതിനായി ക്വാളിറ്റി ഇപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് ഇൻ മെഡിക്കൽ കോളേജ് പദ്ധതി വഴി NABH അക്രിഡിറ്റേഷൻ |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങൾ അനുസരിച്ചുള്ള മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | റീജണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നീ സ്ഥാപനങ്ങളിൽ റോബോട്ടിക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി ഉത്കൃഷ്ട ചികിത്സാ കേന്ദ്രങ്ങൾ ആയി വികസിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | 15.01.2023 ലെ സഉ(കൈ)നം.1/2023/P&EA ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.സി.സി.ക്കും എം.സി.സി. യ്ക്കുമായി റോബോട്ടിക്ക് സർജറി സംവിധാനം സ്ഥാപിക്കുന്നതിനായി 60 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ